ഉത്തരം

(എ) ഉണ്ട്. കേസിൽപെട്ട് പൂർത്തീകരിക്കാതിരുന്ന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനാണ് ഉത്തരവ് നൽകിയിരിക്കുന്നത്.

(ബി) ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. †

(സി) മുകളിൽ പരാമർശിച്ചിരിക്കുന്ന ഉത്തരവിൻപ്രകാരം കേസിൽപ്പെട്ട ആറു പണികളെ സംബന്ധിച്ച എല്ലാ കേസുകളും പിൻവലിക്കാനാണ് ഉത്തരവായത്.

(ഡി) കെ. എൽ. ഡി. സി. 13,400 രൂപ പ്രസ്തുത കേസിനായി ചെലവഴിച്ചിട്ടുണ്ട്.

(ഇ) കേസുകൾ എല്ലാം പിൻവലിച്ചിട്ടുണ്ട്.

(എഫ്) മുടങ്ങിക്കിടക്കുന്ന ആറു പ്രവർത്തികളും 15-4-2003-ന് പുനരാരംഭിക്കണമെന്നും പുരോഗതി അനുസരിച്ച് തയ്യാറാക്കുന്ന ബില്ലുകളിൽ നിന്നും 30 ശതമാനം സംഖ്യ അഡ്വാൻസിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്യണമെന്നും 6 പ്രവർത്തികളിൽ 3 പ്രവർത്തികൾ 15-5-2004-ലും ബാക്കി 3 പ്രവർത്തികൾ 31-3-2005-ലും പൂർത്തീകരിക്കണമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ജി) 75 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(എച്ച്) കരാറുകാരൻ കരാറിലെ വ്യവസ്ഥ പ്രകാരം 15-5-2004-ൽ തീർക്കേണ്ടതായ 3 പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല. ബാക്കി മൂന്ന് പ്രവർത്തികളുടെ പുരോഗതിയും തൃപ്തികരമല്ല.

കൊപ്രയുടെ താങ്ങുവില

91 [3819] ഡോ. തോമസ് ഐസക്:

ശ്രീ. പീരപ്പൻകോട് മുരളി:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ മിൽ കൊപ്രായ്ക്കും, ഉണ്ട കൊപ്രായ്ക്കും കിന്റലിന് എന്തു വിലയാണ് താങ്ങുവിലയായി പ്രഖ്യാപിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

2004 സീസണിലേക്ക് കൊപ്രയുടെ താങ്ങുവില മില്ലിംഗ് കൊപ്രയ്ക്ക് കിന്റലിന് 4500 രൂപയും, ഉണ്ട കൊപ്രയ്ക്ക് കിന്റലിന് 4750 രൂപയും താങ്ങുവില പ്രഖ്യാപിയ്ക്കണമെന്ന് സംസ്ഥാനം കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly